"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള ഫയർ & റെസ്ക്യൂ സർവീസസ് -കെട്ടിടങ്ങൾക്ക് നൽകിവരുന്ന നിരാക്ഷേപ സാക്ഷ്യ പത്രങ്ങൾ ഓൺലൈനായി (Online NOC) അനുവദിക്കുന്നതിന് വെബ് പോർട്ടൽ സംവിധാനം- പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

---

**ആഭ്യന്തര (എഫ്) വകുപ്പ്**

G.O.(Rt)No.205/2026/HOME തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:-

1. സ.ഉ (സാധാ.) നം. 3038/2016/ആഭ്യന്തരം തീയതി 05.10.2016.
2. കേരള ഫയർ & റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറലിന്റെ 24.10.2024, 21.03.025 തീയതികളിലെ FIREHQ/1757/2022-F2 നമ്പർ കത്തുകൾ.
3. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 06.08.2025 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
4. 16.09.2025 തീയതിയിൽ ചേർന്ന ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

ഫയർ & റെസ്ക്യൂ സർവ്വീസസ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം വിവിധ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് നൽകിവരുന്ന നിരാക്ഷേപ സാക്ഷ്യ പത്രങ്ങൾ ഓൺലൈനായി അനുവദിക്കുന്നതിന് വെബ് പോർട്ടൽ സംവിധാനം നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. വെബ് പോർട്ടൽ തയ്യാറാക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയതായും KMBR, KPBR, NBC എന്നിവ പരിഷ്കരിച്ചതുമൂലം വെബ് പോർട്ടലിൽ വരുത്തേണ്ടിയിരുന്ന മാറ്റങ്ങൾ സംബന്ധിച്ച് 82,60,000/-(എൺപത്തിരണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) (inclusive of taxes) രൂപയുടെ Cost estimate പ്രൊപ്പോസൽ കെൽട്രോൺ സമർപ്പിച്ചിരുന്നതായും കൂടാതെ Ease of Doing Business, State Business Reform Action Plan എന്നിവ പ്രകാരമുള്ള ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എൻ.ഒ.സി. വെബ് പോർട്ടൽ പൂർണതോതിൽ പ്രവർത്തനം സജ്ജമാക്കേണ്ടത് അനിവാര്യമായിരുന്നതിനാലും ഫയർ & റെസ്ക്യൂ വകുപ്പിന്റെ എൻ.ഒ.സി. വെബ് പോർട്ടലിൽ മാറ്റങ്ങൾ വരുത്തിയതിന് കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (2) പ്രകാരം ഡയറക്ടർ ജനറൽ സമർപ്പിച്ചിരുന്നു.

3. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 06.08.2025 തീയതിയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ഐ ടി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 16.09.2025 തീയതിയിൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി ചേരുകയുണ്ടായി. പരാമർശം (4) പ്രകാരമുള്ള പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഫയർ & റെസ്ക്യൂ വകുപ്പിന് വേണ്ടി എൻ.ഒ.സി. വെബ് പോർട്ടൽ വികസിപ്പിക്കുന്നതിനായി പരാമർശം (1) ഉത്തരവിലെ ക്രമനം. 16 പ്രകാരം ഭരണാനുമതി

നൽകിയ 20 ലക്ഷം രൂപ ഉൾപ്പെടെ ആകെ **36 ലക്ഷം രൂപ (മുപ്പത്തിയാറ് ലക്ഷം രൂപാ മാത്രം)**, നടപ്പ് സാമ്പത്തിക വർഷത്തെ **"2070-00-108-94-ആധുനികവൽക്കരണം (പ്ലാൻ)"** ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (17.12.2025 ലെ 3184051/EXP-B1/329/2025-FIN പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ratheesh G R
Date: 19-01-2026 10:51:53
സെക്ഷൻ ഓഫീസർ